# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5942 — 28.03.2018 — ൽ മറുപടിക്ക്

## റേഷൻ വിതരണം സുതാര്യമാക്കുന്നതിന് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എത്ര അനർഹർ റേഷൻ മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) റേഷൻ മുൻഗണനാ, എ.എ.വൈ പട്ടികയിൽ ഇതുവരെ 262675 അനർഹർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) സുതാര്യമായ റേഷൻ വിതരണത്തിനായി നടപ്പാക്കുന്ന കമ്പ്യൂട്ടർവൽക്കരണത്തെ അട്ടിമറിക്കുന്നതിന് ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇ-പോസ് മെഷീൻ സ്ഥാപിച്ച റേഷൻ കടകളിൽ റേഷൻ വിതരണം നിർത്തി വയ്ക്കാൻ ഭക്ഷ്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) യും (ഡി) യും ഇല്ല. ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച കടകളിൽ ആയവ പ്രവർത്തനക്ഷമമാക്കുന്നതിന് ഓരോ റേഷൻ കടയിലും ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ, ഗുണഭോക്താക്കളുടെ വിഹിതം, റേഷൻ കടയുടെ വിഹിതം തുടങ്ങിയ വിവരങ്ങൾ സെർവറിൽ അപ്ഡേറ്റ് ചെയ്യേണ്ടതിനായി അൽപ്പകാലം വിതരണം വൈകിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത കടകളിൽ റേഷൻ വിതരണത്തിന് കൂടുതൽ സമയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇപ്രകാരം നിർദ്ദേശം നൽകാനുണ്ടായ സാഹചര്യമെന്താണ്; റേഷൻ വിതരണം മുടങ്ങുന്ന ദിവസങ്ങൾക്ക് പകരം മറ്റുദിവസങ്ങളിൽ റേഷൻ നൽകാൻ സംവിധാനമൊരുക്കുമോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ